ഹെൽത്ത് യൂണിറ്റ

ചോ. (൨൧) ശ്രീ. ജി. എ. ലോപ്പസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ മന്ത്രി സദയം മറുപടി നൽകുമോ.—

(എ) നെയ്യാറ്റിൻകര താലൂക്കിൽ ഹെൽത്ത് യൂണിറ്റിന്റെ പ്രവർത്തനം നിറുത്തലാക്കുവാൻ ഗവൺമെണ്ട് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം;

(സി) ഹെൽത്ത് യൂണിറ്റിന്റെ പ്രവർത്തന പരിപാടികൾ നെയ്യാറ്റിൻകര താലൂക്കിൽ പൂർത്തിയായിട്ടുണ്ടോ?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ട്. പക്ഷേ നടപ്പിൽ വരുത്തിയിട്ടില്ല.

(ബി) നെയ്യാറ്റിൻകര മാത്രം ഒരു ഹെൽത്ത് യൂണിറ്റ പ്രവർത്തനം നടത്തുന്നതു നീതികരിക്കത്തക്കതല്ല എന്നുള്ള Reorganisation Committeeയുടെ അഭിപ്രായത്തെ ഗവൺമെണ്ട് സ്വീകരിച്ച് പ്രസ്തുത ഹെൽത്ത് യൂണിറ്റ നിറുത്തലാക്കുവാൻ തീരുമാനിച്ചു.

(സി) നെയ്യാറ്റിൻകര താലൂക്ക് മുഴുവനും ഹെൽത്ത് യൂണിറ്റിന്റെ പ്രവർത്തന പരിധിയിൽ പെടുത്തിയിട്ടില്ല. ചികിത്സാവിഭാഗമൊഴിച്ച് ഹെൽത്ത് യൂണിറ്റിന്റെ പ്രവർത്തന പരിപാടികൾ നെയ്യാറ്റിൻകരയിൽ പൂർത്തിയായിട്ടുണ്ട്.

## Starred Questions posted for Answer on 2nd March 1951

അവശസമുദായക്കാർക്ക് ഈയർമാർക്കുചെയ്ത സ്ഥലങ്ങൾ

*൨൪൯. (൨) ശ്രീ. ടി. ടി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പത്തനംതിട്ട താലൂക്കിൽ റാന്നിപകുതിയിൽ അവശവർഗ്ഗക്കാർക്ക് സൗജന്യനിരക്കിൽ പതിച്ചു നല്കാൻ സർക്കാർ സ്ഥലങ്ങൾ ഈയർമാർക്ക് ചെയ്തുകൊടുത്തിട്ടുണ്ടായിരുന്നോ;

(ബി) ഉണ്ടായിരുന്നെങ്കിൽ പ്രസ്തുത സ്ഥലങ്ങൾ ഏതെല്ലാം കരകളിലും സർവ്വേ നമ്പരുകളിലുമായിരുന്നു;

(സി) ഇതിൽ യഥാക്രമം പതിച്ചുകൊടുത്ത ഏക്കർ സെൻറുക്രമം എങ്ങനെയായിരുന്നു?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ടായിരുന്നു.

(ബി, സി) വിവരങ്ങൾ അടങ്ങിയ ഒരു ലിസ്റ്റ മേശപ്പുറത്തു വെച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly